# 'ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'

മത്തായി 3:17

''ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി.''

യേശുക്രിസ്തുവിന് മുപ്പത് വയസ്സായപ്പോൾ, പിതാവായ ദൈവം തന്റെ പുത്രനെക്കുറിച്ച് ലോകത്തിനു മുമ്പിൽ പറഞ്ഞു ''ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.'' അപ്പോൾ ക്രിസ്തു ഒരു പ്രസംഗം നടത്തുകയോ ഒരു അത്ഭുതം ചെയ്യുകയോ ചെയ്തിരുന്നില്ല. അപ്പോൾ പിന്നെ എന്തായിരിക്കാം ദൈവം ക്രിസ്തുവിനെക്കുറിച്ച് ഇപ്രകാരം സാക്ഷ്യം പറഞ്ഞതിന് പിന്നിലെ രഹസ്യം. അത് ക്രിസ്തു ജീവിച്ച മുപ്പത് വർഷത്തെ ജീവിതത്തിന്റെ മേന്മയുടെ അടിസ്ഥാനത്തിലാണ്.

ദൈവം നമ്മുടെ ജീവിതങ്ങളെ അംഗീകരിക്കുന്നതിന് അത് തന്നെയാണ് അടിസ്ഥാനം. അനുദിനജീവിതത്തിൽ നാം അഭിമുഖീകരിക്കുന്ന പ്രലോഭനങ്ങൾക്ക് നടുവിൽ എത്രമാത്രം വിശ്വസ്തതയോടെ നാം നില്ക്കുന്നു എന്നതാണ് ആ അടിസ്ഥാനം.

യേശുക്രിസ്തുവിന്റെ മുപ്പതു വർഷത്തെ ജീവിതത്തെക്കുറിച്ച് വേദപുസ്തകം നമ്മോടു പറയുന്ന പ്രധാനകാര്യങ്ങൾ ഇവയാണ് :

1. എബ്രായർ.4:15 – ''പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളതു''.

   ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാ കാര്യങ്ങളിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ.

2. റോമർ 15:3 – '''നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെ മേൽ വീണു' എന്നു എഴുതിയിരിക്കുന്നുതു പോലെ ക്രിസ്തുവും തന്നിൽ തന്നേ പ്രസാദിച്ചില്ല''

   ക്രിസ്തുവും തന്നെത്തന്നെ പ്രീതിപ്പെടുത്തിയില്ല.

അവിടുന്ന് വിശ്വസ്തതയിൽ എല്ലാ പ്രലോഭനങ്ങളെയും അതിജീവിക്കുകയും, ഒരു കാര്യത്തിൽ പോലും സ്വന്ത ഇഷ്ടത്തിന് പ്രാധാന്യം കൊടുക്കുകയും ചെയ്തില്ല. ഇതാണ് പിതാവായ ദൈവത്തെ സന്തോഷിപ്പിച്ചത്.

ഇന്ന് നാം ജീവിക്കുന്ന സമൂഹം, ലൗകികമായി ഒരു വ്യക്തി നേടിയെടുക്കുന്ന അറിവിനെയും, സ്ഥാനമാനങ്ങളെയും വില കല്പിക്കുകയും അതിൻപ്രകാരം അംഗീകാരം കൊടുക്കുകയും ചെയ്യുന്നു. എന്നാൽ ദൈവം നോക്കുന്നതും വില കല്പിക്കുന്നതും ദൈവത്തോടുള്ള സ്നേഹത്തെയും, വിശ്വസ്തതയെയും, അതിലൂടെ രൂപപ്പെട്ടുവരുന്ന അനുസരണ സ്വഭാവത്തെയുമാണ്. ദൈവത്തിന്റെ അംഗീകാരം നേടിയെടുക്കുവാൻ ഇത് മാത്രമാണ് മാനദണ്ഡം... അതാണ് ക്രിസ്തു പിന്തുടർന്നതും...

നാമിന്ന് പ്രലോഭനങ്ങളോടും, നമ്മുടെ ഇഷ്ടങ്ങളോടും എപ്രകാരമാണ് പ്രതികരിക്കുന്നത് എന്ന് ദൈവം നോക്കിക്കൊണ്ടിരിക്കുന്നു. അതിനാൽ, ലോകം മുഴുവൻ സഞ്ചരിച്ച് ദൈവവചനം പ്രസംഗിക്കുന്ന ശുശ്രൂഷകനും, ഭവനത്തിന്റെ ഉത്തരവാദിത്വത്തിൽ കഴിയുവാൻ വിളിക്കപ്പെട്ട മാതാപിതാക്കൾക്കും, ദൈവത്തിന്റെ അംഗീകാരം നേടിയെടുക്കുവാൻ ഒരേ അവസരവും ഒരേ മാനദണ്ഡവുമാണുള്ളത്. അതിനാലാണ് കർത്താവ് പറഞ്ഞത് ''മുൻപന്മാർ പലരും പിമ്പന്മാരും, പിമ്പന്മാർ മുമ്പന്മാരുമാകുമെന്ന്.''

ഇന്ന് ലോകത്തിൽ കാണുന്ന പല മുമ്പന്മാരും ദൈവീക അംഗീകാരം നേടിയെടുത്തില്ല എന്നു വരാം. എന്നാൽ ആരാലും ശ്രദ്ധിക്കപ്പെടാതെ രഹസ്യത്തിൽ ദൈവസ്നേഹത്തിൽ ജീവിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന പല ലോക പിമ്പന്മാരും ദൈവപ്രീതിക്ക് പാത്രമായിത്തീരും.

നമ്മുടെ ജീവിതമിന്ന് ലോകത്തിൽ മുമ്പന്തിയിലോ / പിൻപന്തിയിലോ ആയിക്കൊള്ളട്ടെ.... ''ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' എന്ന ദൈവീക അംഗീകാരം നേടിയെടുക്കുവാൻ തീരുമാനിക്കാം. അതിനായി പ്രയത്നിക്കാം.

പരാമർശം :
സംഖ്യാപുസ്തകം 14:24

''എന്റെ ദാസനായ കാലേബോ, അവന്നു വേറൊരു സ്വഭാവമുള്ളതുകൊണ്ടും എന്നെ പൂർണ്ണമായി അനുസരിച്ചതുകൊണ്ടും അവൻ പോയിരുന്ന ദേശത്തേക്കു ഞാൻ അവനെ എത്തിക്കും;''

**ബ്രദർ ജോബി ജയിംസ് ചങ്ങനാശ്ശേരി 001**